## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 272 20.06.2018-ൽ മറുപടിക്ക്

## ക്യാൻസർ രോഗം നേരിടുന്നതിനും നിയന്ത്രിക്കുന്നതിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്തനാർബുദ രോഗം തുടക്കത്തിൽത്തന്നെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും കൂടുതൽ പര്യാപ്തമാകുന്ന വിധത്തിൽ കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളും കേന്ദ്രീകരിച്ച് മാമ്മോഗ്രാം, അൾട്രാ സൗണ്ട് സ്കാനിംഗ് സൗകര്യങ്ങൾ ഉള്ള മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ പരിഗണനയിലുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) | സ്ത്രീകളെ ബാധിക്കുന്ന അർബുദങ്ങളിൽ സംസ്ഥാനത്ത് മുൻ നിരയിൽ നിൽക്കുന്നത് സ്തനാർബുദമാണ്. പക്ഷെ ഈ രോഗം കൊണ്ടുള്ള മരണനിരക്ക് മറ്റ് ക്യാൻസറുകളെ അപേക്ഷിച്ച് വളരെ കുറവാണ്. ഇതിന് കാരണം സ്തനാർബുദം പ്രാരംഭദശയിൽ തന്നെ കണ്ടെത്താനാവുന്നതും പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണ് എന്ന വസ്തുതയാണ്. അതുകൊണ്ടു തന്നെ സ്തനാർബുദം കണ്ടെത്തുന്നതിനുള്ള പരിശോധന ഊർജ്ജിതപ്പെടുത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഘട്ടംഘട്ടമായി ക്യാൻസർ കെയർ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാന ആശുപത്രികളിൽ മാമ്മോഗ്രാം മെഷീനുകൾ സ്ഥാപിച്ചുവരുന്നു. നിലവിൽ മാമ്മോഗ്രാം മെഷീൻ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>എ.ഇ.ആർ.ബി. നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടത് കൊണ്ട് മൊബൈൽ മാമ്മോഗ്രാം യൂണിറ്റുകൾ സ്ഥാപിക്കാൻ സാധിക്കുകയില്ല. താലൂക്ക് ആശുപത്രികളിൽ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നപക്ഷം അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ നൽകുന്നതാണ്. എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ ചികിത്സയ്ക്കുള്ള പദ്ധതികൾ ഏർപ്പെടുത്തിവരുന്നു. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടർമാർക്ക് ഏർളി ക്യാൻസർ ഡിറ്റക്ഷൻ സംബന്ധിച്ച് ട്രെയിനിംഗ് നൽകിവരുന്നു.<br>റീജിയണൽ ക്യാൻസർ സെന്ററിൽ സ്തനാർബുദ രോഗം തുടക്കത്തിൽത്തന്നെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും മാമ്മോഗ്രാം, അൾട്രാസൗണ്ട് സ്കാനിംഗ് സൗകര്യങ്ങൾ എന്നിവ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ക്യാൻസർ ബാധിതരെ സഹായിക്കുന്നതിനും രോഗപ്രതിരോധ ബോധവൽക്കരണത്തിനും സന്നദ്ധസേവനം നടത്തുന്ന, രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾക്ക് സേവന മികവിന്റെ അടിസ്ഥാനത്തിൽ അർഹമായ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് സാന്ത്വന പരിചരണത്തിലും, സന്നദ്ധ സേവനത്തിലും ലാഭേച്ഛ കൂടാതെ പ്രവർത്തിച്ച് വരുന്ന അനേകം സന്നദ്ധ സംഘടനകളുണ്ട്. വിവിധ പ്രദേശങ്ങളിൽ വിവിധ മേഖലകളിൽ ജനസേവനം നടത്തുന്ന ഈ സംഘടനകളുമായി സംസ്ഥാന ആരോഗ്യവകുപ്പ് സാങ്കേതിക സഹകരണത്തിൽ ഏർപ്പെട്ടുമെങ്കിലും സാമ്പത്തിക സഹായം നൽകിവരുന്നില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

മാമോഗ്രാം മെഷീൻ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | സ്ഥാപനങ്ങൾ |
|---|---|
| തിരുവനന്തപുരം | ജനറൽ ആശുപത്രി, തിരുവനന്തപുരം |
| പത്തനംതിട്ട | ജില്ലാ ആശുപത്രി, കോഴഞ്ചേരി |
| എറണാകുളം | ജനറൽ ആശുപത്രി, എറണാകുളം<br>ജില്ലാ ആശുപത്രി, ആലുവ<br>ജില്ലാ ആശുപത്രി,നോർത്ത് പറവൂർ<br>താലൂക്ക് ഹെഡ് കോട്ടേഴ്സ്, പെരുമ്പാവൂർ<br>താലൂക്കാശുപത്രി, അങ്കമാലി |
| തൃശൂർ | ജില്ലാ ആശുപത്രി, തൃശൂർ<br>താലൂക്ക് ഹെഡ് കോട്ടേഴ്സ്, കൊടുങ്ങല്ലൂർ<br>താലൂക്ക് ഹെഡ് കോട്ടേഴ്സ്, ചാലക്കുടി |
| പാലക്കാട് | ജില്ലാ ആശുപത്രി, പാലക്കാട് |
| കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ |
| വയനാട് | ജില്ലാ ആശുപത്രി, മാനന്തവാടി |
| കാസർഗോഡ് | ജില്ലാ ആശുപത്രി, കാസർഗോഡ് |

Bindu

സെക്ഷൻ ഓഫീസർ